**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3315** **01-03-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിൽ ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസിന്റെ കിടത്തി ചികിത്സയോട് കൂടിയ ആശുപത്രി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | **പുതിയതായി ഇ.എസ്.ഐ ആശുപത്രി ആരംഭിക്കുന്നത് സംബന്ധിച്ച് ഇ.എസ്.ഐ കോർപ്പറേഷന്റെ മാനദണ്ഡപ്രകാരം ആശുപത്രി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തുനിന്നും 25 കിലോമീറ്ററിനുള്ളിലുള്ള പരിരക്ഷിത വ്യക്തികളുടെ എണ്ണം പരിഗണിക്കണമെന്നും 50 കിലോമീറ്ററിനുള്ളിൽ മറ്റൊരു ഇ.എസ്.ഐ ആശുപത്രി പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കുട്ടനാട്ടിൽ നിന്നും 24 കിലോമീറ്ററിനുള്ളിൽ ആലപ്പുഴയിൽ ഒരു ഇ.എസ്.ഐ ആശുപത്രി പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിൽ ഇ.എസ്.ഐ കോർപ്പറേഷന്റെ മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് കുട്ടനാട്ടിൽ ഇ.എസ്.ഐ ആശുപത്രി ആരംഭിക്കുന്നതിനുള്ള ശുപാർശകളൊന്നും ലഭ്യമായിട്ടില്ല.** |
| (ബി) | ഇ.എസ്.ഐ. ആനുകൂല്യങ്ങൾക്ക് അർഹരായ വലിയ ഒരു വിഭാഗം ജനങ്ങളുള്ള കുട്ടനാട്ടിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കുന്നതിന് ആവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ബി) | **പുതിയതായി ഇ.എസ്.ഐ ആശുപത്രി ആരംഭിക്കുന്നത് സംബന്ധിച്ച് ഇ.എസ്.ഐ കോർപ്പറേഷന്റെ മാനദണ്ഡപ്രകാരം ആശുപത്രി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തുനിന്നും 25 കിലോമീറ്ററിനുള്ളിലുള്ള പരിരക്ഷിത വ്യക്തികളുടെ എണ്ണം പരിഗണിക്കണമെന്നും 50 കിലോമീറ്ററിനുള്ളിൽ മറ്റൊരു ഇ.എസ്.ഐ ആശുപത്രി പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കുട്ടനാട്ടിൽ നിന്നും 24 കിലോമീറ്ററിനുള്ളിൽ ആലപ്പുഴയിൽ ഒരു ഇ.എസ്.ഐ ആശുപത്രി പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിൽ ഇ.എസ്.ഐ കോർപ്പറേഷന്റെ മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് കുട്ടനാട്ടിൽ ഇ.എസ്.ഐ ആശുപത്രി ആരംഭിക്കുന്നതിനുള്ള ശുപാർശകളൊന്നും ലഭ്യമായിട്ടില്ല.** |

സെക്ഷൻ ഓഫീസർ